(ബി) അതായത് സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകുന്ന വായ്പാപരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം വായ്പയെടുക്കുന്നത്. 13-ാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള ധനഉത്തരവാദിത്ത നിയമത്തിൽ നിഷ്കർഷിക്കുന്ന Debt-GSDP അനുപാതത്തിനുള്ളിൽത്തന്നെ സംസ്ഥാനത്തിന്റെ കടബാദ്ധ്യത നിലനിർത്തുവാൻ സാധിച്ചിട്ടുള്ളതിനാൽ പൊതുകടം വർദ്ധിക്കുന്നുവെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

ശമ്പള പരിഷ്കരണ റിപ്പോർട്ടിന്റെ കാലതാമസം

56 (1880) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പളപരിഷ്കരണ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) കാലതാമസം ഒഴിവാക്കി ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ; ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കാലതാമസം വരാതെ ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാലതാമസം വരാതെ ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ഇടക്കാലാശ്വാസം നൽകുന്ന കാര്യം പരിഗണനയിലില്ല.

കോൺട്രാക്ടർമാർക്ക് നൽകാനുള്ള സംഖ്യ

57 (1881) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കോൺട്രാക്ടർമാർക്ക് നല്കി തീർക്കാനുള്ള സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കോൺട്രാക്ടർമാർക്ക് നല്കി തീർക്കാനുള്ള സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര കോടി രൂപയുടെ കടപത്രമാണ് പുറപ്പെടുവിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly